പദ്ധതികളുടേയും അതിൽ പൂർത്തീകരിച്ചവയുടെയും പൂർത്തികരിക്കാനുള്ളവയുടേയും പൂർത്തീകരിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുകയേയും സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സന്നിധാനത്ത് നിർമ്മിച്ച പുതിയ സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അടക്കമുള്ള എഞ്ചിനീയർമാർ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരായ ശാസ്ത്രജ്ഞൻമാർ എന്നിവർ പരിശോധിച്ചതിൽ നിർമ്മാണത്തിൽ ഒരു പോരായ്മയും ചൂണ്ടി കാണിച്ചിട്ടില്ല. കൂടാതെ പ്ലാന്റ് സീസൺ സമയത്ത് അടച്ചിടേണ്ട സാഹചര്യവുമുണ്ടായിട്ടില്ല.

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഈ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ പുതിയ ടെസ്റ്റിംഗ് ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ ഉന്നതാധികാര സമിതി തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു.*

ദേവസ്വം ബോർഡുകളുടെ ചുമതലകൾ

126(826) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓരോ ദേവസ്വം ബോർഡിനും എത്ര തുക വീതം നൽകി എന്ന് വിശദമാക്കാമോ;

(സി) ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വരുമാനം സർക്കാർ ഏറ്റെടുക്കാറുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ഡി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ഉത്സവങ്ങൾക്കുംവേണ്ടി ഈ സർക്കാരിന്റെ കാലത്ത് ഭക്തജനങ്ങളിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം നല്കുമോ ;

(ഇ) കേരളത്തിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ള എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും മിച്ചമുള്ള തുക എന്തിന് ചെലവഴിക്കുമെന്നും അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും പൂജാവിധികളും മുടക്കം കൂടാതെ നടക്കുന്നുണ്ടെന്നുറപ്പുവരുത്തുക, ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക, ക്ഷേത്രങ്ങളുടെ സ്ഥാവര-ജംഗമ വസ്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുക, ഫണ്ടുകളുടെ വിനിയോഗം ശരിയാംവണ്ണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ക്ഷേത്രം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ച് നടപ്പിലാക്കുക എന്നിവയാണ് ദേവസ്വം ബോർഡുകളുടെ പ്രധാന ചുമതലകൾ.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 2011-12-ൽ 19.8 കോടി രൂപയും 2012-13-ൽ 22.49 കോടി രൂപയും 2013-14-ൽ 17.1680 കോടി രൂപയും 2015-16-ൽ ഇതേവരെ 12 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റ് ദേവസ്വങ്ങൾക്കൊന്നുംതന്നെ ഗ്രാന്റ് അനുവദിച്ച് നൽകുന്നില്ല. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിനും ഭരണഘടന പ്രകാരമുള്ള കോൺട്രിബ്യൂഷൻ നൽകിവരുന്നുണ്ട്. നിലവിൽ ഇത് യഥാക്രമം 80 ലക്ഷവും 20 ലക്ഷവും വീതമാണ്.

(സി) ഇല്ല.

(ഡി) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി പൊവ്വൽപ്പുർ ശിവക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി 4 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ ചമ്രവട്ടം ശ്രീ അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിനായി 5 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മലബാർ ദേവസ്വം ബോർഡ് മലബാറിലുള്ള ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണത്തിന് പ്രതിവർഷം 5 കോടിയിൽപ്പരം രൂപ ധനസഹായം നൽകി വരുന്നുണ്ട്.

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള 130 ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള 3 ക്ഷേത്രങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നു. ടി ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന അധിക വരുമാനം അതാത് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വരവുകുറഞ്ഞ മറ്റ് ക്ഷേത്രങ്ങളുടെ നടത്തിപ്പിനായി ഉപയോഗിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ദൈനംദിന ഭരണവും വരവ്-ചെലവുകളുടെ നടത്തിപ്പും അതാത് ക്ഷേത്ര ഭരണാധികാരികളാണ് നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ഫണ്ട് നേരിട്ട് കൈകാര്യം ചെയ്യുന്നില്ല. ടി ബോർഡിന് കീഴിലുള്ള 62 ക്ഷേത്രങ്ങളിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly